4. നൈപുണ്യ സമുന്നതി

യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി തൊഴിലിന് പ്രാപ്തരാക്കുന്ന പദ്ധതിയാണിത്. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനും Kerala Academy for Skill Excellence-ഉം സംയുക്തമായി നടത്തുന്ന നൈപുണ്യ പരിശീലന പദ്ധതിയിൽ ഉദ്യോഗാർത്ഥിയുടെ കഴിവും അഭിരുചിയും കണക്കാക്കി അനുയോജ്യമായ തൊഴിൽ മേഖല തെരഞ്ഞെടുക്കുവാനുള്ള കൗൺസിലിംഗ്, അഡ്വാൻസ്ഡ് സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം എന്നിവയിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നു.

5. ഡാറ്റാ ബാങ്ക്

സംസ്ഥാനത്തെ സംവരണേതര സമുദായ അംഗങ്ങളുടെ സാമൂഹിക അവസ്ഥ, തൊഴിൽ മേഖലകൾ, പൊതു ആരോഗ്യസ്ഥിതി, ആയുർദൈർഘ്യം, കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം, പാർപ്പിടങ്ങളുടെ സ്ഥിതി, വിദ്യാഭ്യാസയോഗ്യത, തൊഴിൽ മുൻഗണനകൾ തുടങ്ങി സമഗ്രമായ വിവരശേഖരണം നടത്താനുള്ള പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനുള്ള ഓൺലൈൻ സോഫ്റ്റ്വെയർ തയ്യാറായിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാര്യാലയം മാത്രമാണ് കോർപ്പറേഷന് നിലവിലുള്ളത്. പദ്ധതി ഗുണഭോക്താക്കളാകാനുള്ള അപേക്ഷകരിൽ നിന്നും ഓൺലൈൻ ആയും തപാൽ മാർഗ്ഗവുമാണ് അപേക്ഷകൾ സ്വീകരിച്ചുവരുന്നത്.

(സി) പ്രസ്തുത കോർപ്പറേഷൻ നടത്തിപ്പിനായി നാളിതുവരെ 2,39,31,820 രൂപ ചെലവായിട്ടുണ്ട്. ഇതിൽ ചെയർമാന്റെ ഓണറേറിയം, യാത്രാപ്പടി, ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിലായി 2,16,857 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

മംഗളാദേവി ക്ഷേത്രത്തിലെ ഉടമസ്ഥത

92 (2911) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ഉടമസ്ഥതയിലുള്ളതും, കേരളവും തമിഴ്നാടുമായി തർക്കത്തിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനം ആവശ്യപ്പെടുന്ന തമിഴ്നാടിന് അനുകൂലമായി സംസ്ഥാനത്തെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കണ്ണകി ക്ഷേത്രം കൈവശപ്പെടുത്താൻ തമിഴ്നാട് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാടിന് അനുകൂലമായി വനം വകുപ്പ് ഉദ്യോഗസ്ഥരോ, ജില്ലയിലെ മറ്റ് ഉദ്യോഗസ്ഥരോ പെരുമാറുകയോ മറ്റ് സഹായകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല.

(ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്ന് കണ്ണകി ക്ഷേത്രം കൈവശപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധിൽപ്പെട്ടിട്ടില്ല. എന്നാൽ മംഗളാദേവി ക്ഷേത്ര സംരക്ഷണം എന്ന വിഷയം ഉന്നയിച്ചുകൊണ്ട് തമിഴ്നാട്ടിലെ കമ്പം ആസ്ഥാനമായുള്ള കണ്ണകി ട്രസ്റ്റ് ഭാരവാഹികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസ് (WP(C)No. 14853/2014) ഫയൽ ചെയ്തിട്ടുണ്ട്.

മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്ഷേമ പദ്ധതികൾ

93 (T 2912) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15-ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചുവടെചേർക്കും പ്രകാരമാണ് 25 കോടി രൂപ വകയിരുത്തിയിരുന്നത്.

ക്രമ നമ്പർ	പദ്ധതി	ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ)
1	മൂലധന നിക്ഷേപം	1000
2	ഓപ്പറേഷണൽ എക്സ്പെൻസ്	60
3	കോച്ചിംഗ് അസിസ്റ്റന്റ്സ്	140
4	ടേം ലോൺ അസിസ്റ്റന്റ്സ്	400
5	സ്കോളർഷിപ്പ് പ്രോഗ്രാം	800
6	സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം	100
	ആകെ	2500

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly